# “സമ്പന്ന”ദരിദ്രനാകൂ, യേശുവിന് സമയമുണ്ട്

**ഏലിയ-സ്ലീവ-മൂശാക്കാലം ഒന്നാം ഞായർ**

**ലൂക്ക 19: 1-10**
ആഗസ്റ്റ് 29

**Homily by Fr. Varghese Pottackal. Fr. Pottackal can be reached at vpottackal@gmail.com**

കാൾ റബേദെർ [Karl Rabeder] 47 കാരനായ ഓസ്ട്രിയക്കാരനാണ്. അദ്ദേഹം കുറച്ച് നാളുകൾക്ക് മുമ്പ് വാർത്തമാധ്യമങ്ങളിൽ ഇടം നേടി. അനിതരസാധാരണമായ കഴിവുകളോ, അസാമാന്യ പ്രതിഭയോ ഒന്നുമല്ല അതിന്റെ കാരണം. മറിച്ച്, അദ്ദേഹം സ്വീകരിച്ച അസാധാരണമായ ഒരുനിലപാടാണ്. തന്റെ സമ്പാദ്യമായ 4 മില്ല്യൺ ഡോളർ പാവപ്പെട്ടവർക്ക് അദ്ദേഹം ദാനം ചെയ്തു. തന്റെ സമ്പാദ്യം തനിക്ക് സന്തോഷം പ്രദാനം ചെയ്യുന്നില്ല എന്നതാണ് അതിനുള്ള കാരണമായി പറഞ്ഞത്. പങ്കുവയ്ക്കുന്ന സമ്പത്ത് വലിയ സന്തോഷം നല്കും എന്നും വിവക്ഷ. ബിൽ ഗേറ്റ്സ്, വാറൻ ബുഫെ, മൈക്കൽ ബ്ലൂംബെർഗ്, പോൾ അലെൻ, ലാരി എലിസൺ, ജോർജ്ജ് ലൂക്കിസ്, ബാരൻ ഹിൽട്ടൺ തുടങ്ങി 40 കോടീശ്വരന്മാർ തങ്ങളുടെ സമ്പാദ്യത്തിന്റെ 50% ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ദാനം ചെയ്യുന്നു എന്ന വാർത്തയുമായാണ് 6/8/10 ലെ ഒരു ദിനപത്രം പുറത്തിറങ്ങിയത്.

മൂന്ന് കാര്യങ്ങൾ വ്യക്തം. 1. സമ്പത്ത് മാത്രമല്ല ജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠം 2. സമ്പാദ്യം പങ്കുവയ്ക്കുന്നത് ചില മൂല്യങ്ങൾ ബോധ്യങ്ങളാകുമ്പോഴോ, മാനസാന്തരത്തിന്റെ അടയാളമായോ ആണ്. 3. സക്കേവൂസുകൾ ഇന്നും ജീവിക്കുന്നു.

സുവിശേഷം പരാമർശിക്കുന്ന സക്കേവൂസ് നമുക്ക് സുപരിചിതനാണ്. പേരിന്റെ അർത്ഥം പ്രതീകാത്മാണ്. Clean വൃത്തിയുള്ളത് എന്നാണർത്ഥം. സക്കേവൂസ് യേശു ദർശനത്തിനുശേഷം വൃത്തിയുള്ള ഹൃദയത്തിന് ഉടമയായി, മാനസാന്തരപ്പെട്ടു, എന്ന യാഥാർത്ഥ്യം ചേർത്തുവായിക്കുമ്പോഴാണ് പേരിന്റെ പൊരുൾ വ്യക്തമാകുക.

സക്കേവൂസിന്റെ മാനസാന്തരം ഒരു കാര്യം വ്യക്തമാക്കുന്നു. മാനസാന്തരം ആർക്കും സാധ്യമാണ്, ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ. സക്കേവൂസ് യേശുവിനെ കാണാൻ ആഗ്രഹിച്ചത് വെറും കൗതുക

ത്തിന്റെ പേരിലാകാം. അങ്ങിനെ വിശ്വസിക്കാനാണ് എനിക്കിഷ്ടം. കാരണം, യേശുവിനെ കാണുക എന്നതിനപ്പുറത്ത് യേശു ശ്രദ്ധയോ യേശു സ്പർശനമോ ആഗ്രഹിച്ചിരുന്നുവെങ്കിൽ സക്കേവൂസ് മരത്തിൽ കയറുകയില്ല, യേശുവിന്റെ അരികിലെത്തുമായിരുന്നു. ആ കാൽപാദങ്ങളിൽ വീണ് നമസ്ക്കരിക്കുമായിരുന്നു.

കാണാനുള്ള കൗതുകം സാക്ഷാത്ക്കരിക്കണമെങ്കിൽ കടമ്പകൾ ഏറെയുണ്ട്. പൊക്കകുറവുതന്നെ പ്രധാനം. ജനക്കൂട്ടത്തിന്റെ ബാഹുല്യം മറ്റൊരു തടസ്സം തീർക്കുന്നു. പ്രതിവിധി സക്കേവൂസ് തന്നെ കണ്ടെത്തി. ഇലകൾ ധാരാളമുള്ള മറഞ്ഞിരിക്കാൻ സൗകര്യമുള്ള സിക്കമൂർ മരത്തിൽ കയറിപ്പറ്റുക, യേശുവിനെ കാത്തിരിക്കുക. മരത്തിൽ കയറുന്ന സക്കേവൂസിനെ ജനങ്ങൾ  കണ്ടാൽ പരിഹസിക്കും എന്ന ചിന്തപ്പോലും  അദ്ദേഹത്തെ അലട്ടിയില്ല. പ്രതിബന്ധങ്ങൾ തളർത്താത്ത സക്കേവൂസിന്റെ നിലപാടുകൾ അനുകരണീയം തന്നെ.

എത്ര പ്രാവശ്യം നമ്മളും അഗ്രഹിച്ചിട്ടുണ്ട് യേശുവിനെ കാണാൻ?  അസൗകര്യങ്ങൾ ഏറെയായിരുന്നു. എന്റെ ജോലി, സമ്പാദിക്കാനുള്ള ആഗ്രഹം, സമൂഹത്തിലെ  എന്റെ സ്ഥാനമാനങ്ങൾ, സൽപേര് സംരക്ഷിക്കാനുള്ള ആഗ്രഹം, പൂർത്തിയാക്കാനുള്ള പദ്ധതികൾ, സർവ്വോപരി പാപം എന്നിങ്ങനെ അനവധി  പ്രതിസന്ധികൾ. ഇവയെ അതിജീവിക്കാനായാൽ  എനിക്കും യേശുദർശനം സാധ്യമാകും. സക്കേവൂസ് നമ്മുടെ മുമ്പിൽ വയ്ക്കുന്നത് വലിയൊരു വെല്ലുവിളിയാണ്. യേശുവിനെ കാണാനുള്ള ആഗ്രഹത്തെ സക്ഷാത്ക്കരിക്കുക, അതിന് പ്രതിബന്ധമാകുന്നതിനെയെല്ലാം അതിജീവിക്കുക. സാധ്യമാകുമോ എനിക്ക്?

യേശുവിനെ കാത്തിരിക്കാൻ സക്കേവൂസിന്  ഒരു സിക്കമൂർ മരം വേണമായിരുന്നു. യേശുവിനെ കാണാൻ അനുകൂല സാഹചര്യം ഒരുക്കാനായിരുന്നു അത്. ഇന്നും സിക്കമൂർ മരങ്ങൾ ആവശ്യമുണ്ട്. യേശുവിലേക്ക് നയിക്കാൻ കഴിയുന്ന അനുകൂല ഘടകങ്ങളൊരുക്കുന്ന വ്യക്തികളെ നമുക്ക് വേണം. ഞാനും എന്റെ സഹോദരന് യേശുവിനുവേണ്ടി കാത്തിരിക്കാൻ പറ്റിയ ഇടമാകണം. ഞാൻ കണ്ടുമുട്ടുന്ന വ്യക്തികൾക്ക് യേശുദർശനവും യേശു സാമീപ്യവും പ്രദാനം ചെയ്യാൻ കഴിയുന്ന ജീവിതത്തിനുടമയാണോ ഞാനെന്ന ചോദ്യവും പ്രസക്തം.

സക്കേവൂസ് സംഭവത്തിലെ ഏറ്റവും സന്തോഷദായകമായ വസ്തുത  ‘‘യേശുവിന് സമയമുണ്ട്’’ എന്നതാണ്. യേശുവിന് സമയ

മുണ്ട് എന്നെ കാണാൻ, എന്നെ അരികിൽ ചേർത്തുനിർത്താൻ, എന്നെ മാനസാന്തരത്തിലേക്ക് നയിക്കാൻ, എന്റെ വീട്ടിൽ താമസിക്കാൻ. ഓർക്കണം, യേശു ജരുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു. [Lk 18: 31] ജറുസലേം പ്രതീകാത്മകമാണ്. ലൂക്കാ സുവിശേഷകൻ യേശുവിന്റെ ജീവിതം തന്നെ ജറുസലേം യാത്രയായി ചിത്രീകരിച്ചിരിക്കുന്നു. പിതാവിന്റെ ഹിതത്തിന് പൂർണ്ണമായി വിധേയനായിക്കൊണ്ട് അർപ്പിക്കുന്ന കുരിശിലെ യാഗം പൂർത്തിയാകുന്നത് അവിടെയാണ്. ജറുസലേമിലേയ്ക്ക് പോകുന്നത് തന്റെ ജീവിത ലക്ഷ്യം പൂർത്തിയാക്കാനാണ്. ആ യാത്രക്കിടയിലും എനിക്ക് മാത്രമായി യേശുവിന് സമയമുണ്ട്. ഞാൻ യേശുവിന് അത്രയ്ക്ക് പ്രിയപ്പെട്ടവനാണ്.

എനിക്കുവേണ്ടി സമയമുള്ള യേശുവിന് കൊടുക്കാൻ എന്റെ പക്കൽ എന്തുണ്ട്? യേശുവിന് വേണ്ടത് എനിക്കുള്ളതല്ല, എന്നെത്തന്നെയാണ്, പൂർണ്ണമായും. എന്റെ നിലപാടുകളും ബോധ്യങ്ങളും യേശുവാകുന്ന അളവുകോലിൽ പരീക്ഷിക്കപ്പെട്ട് വിജയിപ്പിച്ചതാകണം. അതിനുള്ള മാർഗ്ഗമാണ് മാനസാന്തരം. ഞാൻ യേശുവിന് കൊടുക്കുന്ന ഏറ്റവും നല്ല സമ്മാനമാണ് എന്റെ മാനസാന്തരം. ''മിന്നുന്നതെല്ലാം പൊന്നല്ല" എന്നോർക്കുവാനും യേശുവാകുന്ന ഉരകല്ലിൽ തേച്ചുമിനുക്കി എന്റെ ജീവിതം തങ്കസമാനമാക്കാനും മനസ്സിന്റെ അന്തരം കൂടിയേ കഴിയൂ.

സക്കേവൂസ് നമുക്ക് പ്രിയങ്കരനാകുന്നതും നിരന്തരം നമ്മിൽ വെല്ലുവിളി ഉയർത്തുന്നതും സക്കേവൂസിൽ യേശുദർശനം വരുത്തിയ മനസ്സിന്റെ അന്തരമാണ്, നവചൈതന്യമാണ്. തന്റെ സമ്പാദ്യം മുഴുവൻ ഉപേക്ഷിച്ച് യേശുവിനെ സ്വന്തമാക്കി വലിയ ''സമ്പന്ന'' ദരിദ്രനായ സക്കേവൂസ് മാനസാന്തരത്തിന്റെ പ്രതീകമാണ്.

യേശുവിന് സമയമുണ്ട്. യേശുവിന്റെ ചാരെയെത്തി അവിടത്തോടൊപ്പമായിരിക്കാൻ എന്നിൽ എന്ത് മാനസാന്തരം സംഭവിക്കണം? നഷ്ടപ്പെട്ടതിനെ കണ്ടെടുത്ത് രക്ഷിക്കാൻ വന്ന കർത്താവ് കാത്തിരിക്കുന്നു.